# 90-ാം വാർഷിക ആഘോഷം

**2007 ഒക്ടോബർ 13**

*ലോകമെമ്പാടും, ''ഫാത്തിമ ജപമാല'' (The Fatima Chaplet) എന്നോ, അല്ലെങ്കിൽ അതുപോലൊരു പേരുകൊണ്ടോ അറിയപ്പെടാൻ പോകുന്ന ഒരു ഉപഹാരം ആത്മീയ മക്കളുടെ വകയായി സമർപ്പിച്ചുകൊണ്ട്, 2007 ഒക്ടോബർ 13ന് നമ്മുടെ സ്വർഗീയ മാതാവിനെ വാഴ്ത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നു.*

*ഫാത്തിമാ ജപമാല (The Fatima Chaplet) എത്തിച്ചുകൊണ്ട് നമ്മുടെ സ്വർഗീയ അമ്മയെ വാഴ്ത്താൻ ഞങ്ങൾ നിങ്ങളെ ക്ഷണിച്ചുകൊള്ളുന്നു.*

വിവിധ ഭാഷകളിൽ ലഭിക്കുന്നു
www.fatimaprayers.com

# ചോദ്യങ്ങൾ & ഉത്തരങ്ങൾ

**1. ഏഴ് ഫാത്തിമാ പ്രാർത്ഥനകൾ ഞാൻ എന്തിന് ചൊല്ലണം?**
കാരണം, സമാധാനദൂതയായ ദിവ്യമാതാവും, നമ്മുടെ കർത്താവും ഈ പ്രാർത്ഥന ചൊല്ലാൻ നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**2. ഏഴ് ഫാത്തിമാ പ്രാർത്ഥനകൾ ''ഒമ്പത് സ്റ്റെപ്പ് '' ക്രമത്തിലാണോ ഞാൻ ചൊല്ലേണ്ടത്?**
''ഒമ്പത് സ്റ്റെപ്പ്'' ക്രമം ഒരു നിർദ്ദേശം മാത്രമാണ്. പല സാധ്യതകളിൽ ഒന്നുമാത്രമാണ് അത്.

**3. എന്റെ കൊന്ത കൊണ്ടുമാത്രമാണോ ഞാൻ ഫാത്തിമാ പ്രാർത്ഥനകൾ ചൊല്ലേണ്ടത്?**
ഫാത്തിമാ പ്രാർത്ഥനകൾ നിങ്ങൾക്ക് ഇഷ്ടമുള്ള ഏത് രീതിയിലും ചൊല്ലാം.

© 2007 www.fatimaprayers.com
പ്രതിഫലം കൂടാതെ വിതരണം ചെയ്യണമെന്ന വ്യവസ്ഥയോടെ, ഈ ജപമാല (Chaplet) അതേപടി പുനഃപ്രകാശനം ചെയ്യാൻ അനുമതി നൽകിയിരിക്കുന്നു.

# ഏഴ് ഫാത്തിമാ പ്രാർത്ഥനകൾ

## ഫാത്തിമാ ജപമാല*

നമ്മുടെ സ്വർഗീയ മാതാവിന്റെ പുകഴ്ചയ്ക്കായ്

ഫാത്തിമാ മാതാവ് പ്രത്യക്ഷപ്പെട്ടതിന്റെ 90-ാം വാർഷികം
ശനി • ഒക്ടോബർ 13 • 2007

## ഏഴ് ഫാത്തിമാ പ്രാർത്ഥനകൾ

www.fatimaprayers.com
*നിർദ്ദിഷ്ട ശീർഷകം

## ഫാത്തിമാ മാതാവ്
## ജപമാലയുടെ രാജ്ഞി

# ഫാത്തിമാ ജപമാല*
# (The FATIMA CHAPLET*)
# ചൊല്ലുന്നതിനുള്ള ഒമ്പത് സ്റ്റെപ്പുകൾ

**സ്റ്റെപ്പ് 1:** കുരിശടയാളത്തോടെ തുടങ്ങുക. കുരിശ് കൈയിൽ പിടിച്ചുകൊണ്ട്, പരിത്യാഗത്തിന്റെ പ്രാർത്ഥന ചൊല്ലുക:

*യേശുവേ, നിന്റെ അനന്തമായ സ്നേഹത്തിനും, പാപികളുടെ മാനസാന്തരത്തിനും, മറിയത്തിന്റെ നിർമ്മലഹൃദയത്തിനെതിരായി ചെയ്തുപോയ പാപങ്ങളുടെ പരിഹാരത്തിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.*

**സ്റ്റെപ്പ് 2:** അടുത്ത വലിയ കൊന്തക്കുരുവിൽ, മാപ്പിരന്നുകൊണ്ടുള്ള പ്രാർത്ഥന ചൊല്ലുക:

*എന്റെ ദൈവമേ, ഞാൻ നിന്നിൽ വിശ്വസി ക്കുകയും, നിന്നെ ആരാധിക്കുകയും, നിന്നിൽ ശരണപ്പെടുകയും, നിന്നെ സ്നേഹിക്കുകയും ചെയ്യുന്നു! നിന്നിൽ വിശ്വസിക്കാത്തവരും, നിന്നെ ആരാധിക്കാത്തവരും, നിന്നിൽ ശരണപ്പെടാത്തവരും, നിന്നെ സ്നേഹിക്കാത്തവരുമായ എല്ലാവർക്കു വേണ്ടിയും ഞാൻ മാപ്പപേക്ഷിക്കുന്നു.*

**സ്റ്റെപ്പ് 3:** ആദ്യത്തെ ചെറിയ കൊന്തക്കുരുവിൽ തിരുക്കർമ്മ പ്രാർത്ഥന (Eucharistic Prayer) ചൊല്ലുക:

*പരിശുദ്ധ ത്രിത്വമേ, ഞാൻ അങ്ങയെ ആരാധിക്കുന്നു! എന്റെ ദൈവമേ, എന്റെ ദൈവമേ, വാഴ്ത്തപ്പെട്ടതായ കൂദാശയിൽ ( Blessed Sacrament)ഞാൻ അങ്ങയെ സ്നേഹിക്കുന്നു.*

*നിർദ്ദിഷ്ട ശീർഷകം

- സ്വകാര്യ സമർപ്പണത്തിനു മാത്രം
- വിവിധ ഭാഷകളിൽ ലഭിക്കുന്നു



**സ്റ്റെപ്പ് 4:** രണ്ടാമത്തെ ചെറിയ കൊന്തക്കുരുവിൽ മാനസാന്തര പ്രാർത്ഥന ചൊല്ലുക:

*ഓ മറിയമേ, നിന്റെ പരിശുദ്ധമായ അമലോത്ഭവത്താൽ, റഷ്യ, സ്പെയിൻ, പോർച്ചുഗൽ, യൂറോപ് എന്നിവയുടെയും, സമസ്ത ലോകത്തിന്റെയും മാനസാന്തരം സാധ്യമാക്കണമേ!*

**സ്റ്റെപ്പ് 5:** മൂന്നാമത്തെ ചെറിയ കൊന്തക്കുരുവിൽ രക്ഷാകര പ്രാർത്ഥന ചൊല്ലുക:

മറിയത്തിന്റെ മധുരഹൃദയമേ, റഷ്യ, സ്പെയിൻ, പോർച്ചുഗൽ, യൂറോപ്പ് എന്നിവയുടെയും, സമസ്ത ലോകത്തിന്റെയും രക്ഷയായിരിക്ക ണമേ.

**സ്റ്റെപ്പ് 6:** അടുത്ത വലിയ കൊന്തക്കുരുവിൽ മാപ്പിനായുള്ള പ്രാർത്ഥന ചൊല്ലുക:

*എന്റെ ദൈവമേ, ഞാൻ നിന്നിൽ വിശ്വസിക്കുകയും, നിന്നെ ആരാധിക്കുകയും, നിന്നിൽ ശരണപ്പെടുകയും, നിന്നെ സ്നേഹിക്കുകയും ചെയ്യുന്നു! നിന്നിൽ വിശ്വസിക്കാത്തവരും, നിന്നെ ആരാധിക്കാത്തവരും, നിന്നിൽ ശരണപ്പെടാത്തവരും, നിന്നെ സ്നേഹിക്കാത്തവരുമായ എല്ലാവർക്കുവേണ്ടിയും ഞാൻ മാപ്പപേക്ഷിക്കുന്നു.*

കൂടുതൽ പത്തുമണി പ്രാർത്ഥനകൾ (Decades) ചൊല്ലുന്നതിന്, 6 മുതൽ 8 വരെയുള്ള സ്റ്റെപ്പുകൾ ആവർത്തിക്കുക. സ്റ്റെപ്പ് 9 ചൊല്ലി അവസാനിപ്പിക്കുക.

©2007 www.fatimaprayers.com



**സ്റ്റെപ്പ് 7:** അടുത്ത ചെറിയ പത്ത് കൊന്തക്കുരുക്കളിൽ ഓരോന്നിലും തിരുക്കർമ്മ പ്രാർത്ഥന ചൊല്ലുക:

*പരിശുദ്ധ ത്രിത്വമേ, ഞാൻ അങ്ങയെ ആരാധിക്കുന്നു! എന്റെ ദൈവമേ, എന്റെ ദൈവമേ, വാഴ്ത്തപ്പെട്ട കൂദാശയിൽ ( Blessed Sacrament ) ഞാൻ അങ്ങയെ സ്നേഹിക്കുന്നു.*

**സ്റ്റെപ്പ് 8:** കൊന്ത കൂടുന്നിടത്ത് പത്തുമണി പ്രാർത്ഥന (Decade Prayer) ചൊല്ലുക:

*എന്റെ യേശുനാഥാ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ, നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ, എല്ലാ ആത്മാക്കളെയും സ്വർഗത്തിലേക്ക് ആനയിക്കണമേ, പ്രത്യേകിച്ചും (നിന്റെ കാരുണ്യം) ഏറ്റവും ആവശ്യമുള്ളവരെ സഹായിക്കണമേ.*

**സ്റ്റെപ്പ് 9:** കൊന്തക്കൊളുത്തിൽ പിടിച്ചുകൊണ്ട് മാലാഖയുടെ പ്രാർത്ഥന ചൊല്ലുക:

*എത്രയും പരിശുദ്ധ ത്രിത്വമേ, പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ ദൈവമേ, ഞാൻ അങ്ങയെ ആരാധിക്കുന്നു. ലോകത്തിലെ എല്ലാ കൂടാരങ്ങളിലും സന്നിഹിതമായിരിക്കുന്ന യേശുക്രിസ്തുവിന്റെ വിലയേറിയ ശരീരവും, രക്തവും, ആത്മാവും, ദിവ്യത്വവും, ഞാൻ അവനെ വ്രണപ്പെടുത്തിയ ദ്രോഹങ്ങൾക്കും, ദൂഷണങ്ങൾക്കും, ഉദാസീനതകൾക്കും പരിഹാരമായി അങ്ങേക്ക് സമർപ്പിക്കുന്നു. യേശുവിന്റെ തിരുഹൃദയത്തിന്റെയും, മറിയത്തിന്റെ നിർമ്മലഹൃദയത്തിന്റെയും അനന്തമായ സ്നേഹത്താൽ, അശരണരായ പാപികളുടെ മാനസാന്തരത്തിനു വേണ്ടി ഞാൻ യാചിക്കുന്നു.*

*[കുരിശടയാളത്തോടെ ഉപസംഹരിക്കുക. ആമേൻ].*

പ്രതിഫലം കൂടാതെ വിതരണം ചെയ്യണമെന്ന വ്യവസ്ഥയോടെ, ഈ ജപമാല (Chaplet) അതേപടി പുനഃപ്രകാശനം ചെയ്യാൻ അനുമതി നൽകിയിരിക്കുന്നു.